## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1564

07.06.2018-ൽ മറുപടിക്ക്

### ഓഖി ദുരന്തം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ തിരുവനന്തപുരം ജില്ലയിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഇനിയും എത്രപേരെയാണ് കണ്ടെത്താനുള്ളത് എന്ന് അറിയിക്കുമോ; | (എ) | ഓഖി ദുരന്തത്തിൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ 51 പേർ മരണമടഞ്ഞു. 91 പേരെ കാണാതായിട്ടു ണ്ട്. |
| (ബി) | മരണപ്പെട്ട എത്രപേരുടെ ആശ്രിതർക്കാണ് ധനസഹായം നൽകാനുള്ളത്; | (ബി) | മരണമടഞ്ഞ 50 പേരുടെയും ആശ്രിതർക്ക് ധനസഹായം അനുവദിച്ചു. മരണമടഞ്ഞവരിൽ ഒരാൾ തിരുവനന്തപുരം ജില്ലക്കാരനാണെങ്കിലും അദ്ദേഹത്തിന്റെ കുടുംബം താമസിക്കുന്നത് തമിഴ് നാട്ടിലായതിനാൽ തമിഴ് നാട് സർക്കാരിൽ നിന്നും ആനുകൂല്യം കൈപ്പറ്റി. |
| (സി) | കാണാതായ എത്രപേരുടെ ആശ്രിതർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇനിയും എത്രപേർക്ക് തുക നൽകാനുണ്ട് എന്ന് വിശദമാക്കുമോ; | (സി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കാണാതായ 91 പേരുടെ ആശ്രിതർ ക്കു 20 ലക്ഷം രൂപ വീതം ധനസഹായം നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ